(ഡി) ഇത്തരം കീടനാശിനിയുടെ ഉപയോഗം ഫലപ്രദമാണെന്ന് കാർഷിക സർവകലാശാല ശാസ്ത്രജ്ഞരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആണ്.

(ബി) രാസകീടനാശിനി - ഡൈക്കോഫോൾ 0.1% വീര്യത്തിൽ

ജൈവകീടനാശിനി - വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതം 2% വീര്യത്തിൽ

(സി) ഉണ്ട്.

(ഡി) കേരള കാർഷിക സർവകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും നടത്തിയ പരീക്ഷണങ്ങളിൽ മേൽപ്പറഞ്ഞ കീടനാശിനികൾ മണ്ഡരിക്കെതിരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

98 (387) മണ്ഡരി രോഗം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകൾക്ക് വ്യാപകമായി പിടിപ്പെട്ടിരിക്കുന്ന മണ്ഡരി രോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രോഗം തടയുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര സ്ഥലത്താണ് രോഗം ബാധിച്ചിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി കീടബാധയെ ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നിയന്ത്രണ മാർഗ്ഗത്തിന് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ജില്ലാ കൃഷി ഓഫീസർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഉദ്ദേശം 181231.5 ഹെക്ടർ സ്ഥലത്തെ തെങ്ങുകൃഷി മണ്ഡരി കീടബാധിതമാണെന്ന് കണക്കാക്കപ്പെടുന്നു.

99 (388) മണ്ഡരി രോഗബാധ കാരണം കേരളത്തിലെ കേര കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗബാധ കാരണം കേരളത്തിലെ കേര കർഷകർ നേരിടുന്ന പ്രതിസന്ധിയുടെ ഗൗരവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രോഗബാധ വ്യാപിച്ചിട്ടുള്ളത് ഏതെല്ലാം ജില്ലയിലെ എത്ര തെങ്ങുകൾക്കാണെന്ന് വ്യക്തമാക്കുമോ;

(സി) രോഗംമൂലം കേര കർഷകർക്കുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) രോഗപ്രതിരോധത്തിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും ഇതിലേക്ക് വേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മിക്ക ജില്ലകളിൽനിന്നും മണ്ഡരി കീടബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മണ്ഡരിബാധയുടെ അവസാന കണക്കുകൾ ശേഖരിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 20.09 ശതമാനത്തോളം തെങ്ങുകൾക്ക് മണ്ഡരിബാധയുണ്ടായി എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) തിട്ടപ്പെടുത്തിവരുന്നു.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

100 (389) മണ്ഡരി രോഗം വ്യാപിക്കാതിരിക്കാൻ നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകൾക്കുബാധിച്ച മണ്ഡരി രോഗം വ്യാപിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട്;

(സി) പ്രതിരോധത്തിനായി ഏതു മരുന്നാണ് ഉപയോഗിക്കുന്നത്;

(ഡി) ഇപ്പോൾ പലസ്ഥലത്തും ഉപയോഗിച്ചുവരുന്ന മരുന്ന് ഉഗ്ര വിഷം ഉള്ളതുകൊണ്ട് അതുമൂലം ഉണ്ടാകുന്ന വിപത്തുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ ജില്ലകളിലും മണ്ഡരി കീടബാധ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കീടബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 0.1% വീര്യത്തിൽ ഡൈക്കോഫോൾ എന്ന രാസ കീടനാശിനിയോ, 2% വീര്യമുള്ള വേപ്പെണ്ണ, വെളുത്തുള്ളി മിശ്രിതമോ മണ്ഡരിക്കെതിരെ ഉപയോഗിക്കാവുന്നതാണ്.

---

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

ആർ.ഐ.ഡി.എഫ്.	1997-98	35,92,03,500	9,89,26,733
സ്കീം വഴി	1998-99	39,65,05,100	14,50,43,741

ധനകാര്യമന്ത്രി അംഗീകരിച്ചത്,

(ഒപ്പ്)

ധനകാര്യപ്രിൻസിപ്പൽ സെക്രട്ടറിക്ക്വേണ്ടി

അനുബന്ധം - VI

(15-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 42 (330) ദയവായി കാണുക)

തിരുവനന്തപുരം	3512
കൊല്ലം	3117
ആലപ്പുഴ	1650
പത്തനംതിട്ട	1394
കോട്ടയം	757
എറണാകുളം	1378
തൃശൂർ	1178
ഇടുക്കി	861
വയനാട്	368
പാലക്കാട്	1352
കണ്ണൂർ	1125
മലപ്പുറം	634
കോഴിക്കോട്	1472
കാസർകോട്	913

അനുബന്ധം VII

(15.12.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 99(388) 101 (390)- ഉം ദയവായി കാണുക)

കാർഷിക സർവകലാശാല നടത്തിയ പരീക്ഷണങ്ങളിൽ ഡൈക്കോഫോൾ 0.1% അല്ലെങ്കിൽ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം മണ്ഡരിക്കെതിരെ ഫലപ്രദമാണെന്ന് കണ്ടെത്തുകയുണ്ടായി. മണ്ഡരിക്കെതിരെ പ്രതിരോധ നടപടികൾ ശുപാർശ ചെയ്യാൻ സർക്കാർ തലത്തിൽ കൃഷിവകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായി. ഈ കമ്മിറ്റിയിൽ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം, കേരള കാർഷിക സർവകലാശാല എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞരും, സി.ഡി.ബി. യിലെ അംഗവും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരും അംഗങ്ങളാണ്. ഈ കമ്മിറ്റി0.1% ഡൈക്കോഫോളോ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതമോ മണ്ഡരിക്കെതിരെ ഉപയോഗിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ കീടനാശിനികൾ ഉപയോഗിച്ച് കീട ബാധിത പ്രദേശങ്ങളായ തൃശൂർ, പാലക്കാട്. എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ മേയ് 99 വരെ ഉദ്ദേശം 26,20,442 തെങ്ങുകളിൽ മരുന്നുതളി നടത്തി. രാസ കീടനാശിനിക്ക് 1.50 രൂപയും ജൈവ കീടനാശിനിക്ക് 2 രൂപയും തെങ്ങൊന്നിന് സബ്സിഡിയായി നൽകുകയും ചെയ്തു. ആയതിന് 37.8 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം, കാരണം കർഷകർ മരുന്നുതളിക്ക് താല്പര്യം കാണിച്ചില്ല. കീടബാധ ഇപ്പോൾ എല്ലാ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് 30-9-99-ന് തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മരുന്നുതളി ഊർജ്ജിതമായി തുടങ്ങുവാനും, തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ സജീവ പങ്കാളിത്വവും,

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സഹായവും ആവശ്യപ്പെടാനും തീരുമാനിച്ചു. ഇതിനെ തുടർന്ന് സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.3358/99/എൽ.എസ്.ജി.ഡി. തീയതി. 6-11-99 പ്രകാരം മരുന്നുതളിയുടെ കൂലിചെലവ് തെങ്ങൊന്നിന് 3 രൂപ കൃഷി വകുപ്പും, 3 രൂപ തദ്ദേശ സ്വയംഭരണ സർക്കാരുകളും വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായി. കൂടാതെ മരുന്നിന്റെ വിലയായി തെങ്ങൊന്നിന് 3 രൂപ കൃഷിവകുപ്പ് നൽകുന്നതാണ്. ഇതിലേക്കായി 18 കോടി രൂപ ജില്ലകൾക്ക് കൃഷിവകുപ്പ് ഇതിനകം നൽകിക്കഴിഞ്ഞു. എല്ലാ ജില്ലകളിലും മരുന്നുതളി ഊർജ്ജിതമായി നടന്നുവരുന്നു.

അനുബന്ധം - VIII

(15-12-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 109 (399) ദയവായി കാണുക)

	Name of works	Numbers	Remarks
A. Bridges :-			
1)	Herbal Canal Ist reach at E1-Canal crossing	1 No.	work in progress
2)	Bridge at Kanakkankadavu Across Thamara valayam Road	1 No.	completed
3)	Bridge Across Kokkalathoden	1 No.	completed
4)	Herbal Canal Ist reach at Therear Road	1 No.	completed
5)	Herbit Canal Ist reach Pattuchira Bridge	1 No.	completed
6)	Across Herbert Canal IIIrd reach at jn. with Puthenthodu	1 No.	completed
IInd reach	Total	6 Nos.	
B. Foot Bridges :-			
1)	Across puthenthodu Ist reach near purathoorpadam	1 No.	completed
2)	Ollur-Kanimangalam-2nd reach-At Ashramam Kadavu	1 No.	completed
3)	Herberit Canal 3rd reach near Chirakkalthodu	1 No.	
	Total	3 Nos.	
C. Enginetharas :-			
1)	Ollur-Kanimangalam Ist reach Right bond	1 No.	completed
2)	Puthenthodu 2nd reach left bund (Alappad Padam)	2 Nos.	completed
3)	Ollur-Kanimangalam Canal 2nd reach (Kanimangalam Kap padavu)	2 Nos.	completed
4)	Puthenthodu 2nd reach (Akkithazha-Cherukole padavu)	2 Nos.	completed
5)	Pootharakkal Chalpadavu	5 Nos.	completed
6)	Jubilee the var padavu	8 Nos.	completed
7)	Puthethodu IIIrd reach (Manakkody & Achumuri padavu)	1 No	completed
8)	Ollur-Kanilmangalam Canal 2nd reach (navara kole)	1 No	completed
9)	Puthenthodu 3rd reach Rt. board	4 Nos.	completed

LIBRARY ARCHIVES Kerala Legislative Assembly